**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1477** **19-09-2025 - ൽ മറുപടിയ്ക്ക്**

**സ്കോൾ-കേരളയിലെ ജീവനക്കാരുടെ ഹാജർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്കോൾ-കേരളയിലെ ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്താനും ശമ്പളം അനുവദിക്കാനും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സ്ഥാപിച്ചത് കെൽട്രോൺ മുഖേന ആണോയെന്നും ഏത് തീയതി മുതലാണ് ഇത് നടപ്പിലാക്കിയതെന്നും വ്യക്തമാക്കാമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു |
| (ബി) | ബയോമെട്രിക് പഞ്ചിംഗ് സംവിധാനത്തിൽ വിരലടയാളം പതിച്ച് ഹാജർ രേഖപ്പെടുത്തുന്നതിൽ തിരിമറി നടത്തി, തിരിച്ചറിയൽ കാർഡ് ഉപയോഗിച്ച് ഓഫീസിൽ ഹാജാരാകാത്ത ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്തിയതിലെ ക്രമക്കേട് ആരംഭിച്ചത് എന്ന് മുതലാണെന്ന് അറിയിക്കുമോ; ഇതിനെക്കുറിച്ചുള്ള കെൽട്രോണിന്റെ പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു |
| (സി) | ബയോമെട്രിക് പഞ്ചിംഗ് ക്രമക്കേട് സംബന്ധിച്ച് സർക്കാരോ സ്ഥാപനമോ അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ടി അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയ ജീവനക്കാരുടെ പേരും തസ്തികയും വ്യക്തമാക്കുമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു |
| (ഡി) | ഈ ക്രമക്കേട് വഴി സ്ഥാപനത്തിന് ഉണ്ടായ സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സാമ്പത്തിക നഷ്ടം കുറ്റക്കാരിൽ നിന്നും ഈടാക്കുന്നതിനും അവർക്കെതിരെ ശിക്ഷാ നടപടികൾ കൈക്കൊള്ളുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | (ഡി) | വിവരം ശേഖരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ